7

# ദാവീദ്

# ദൈവിക ഹൃദയത്തിലേക്കു ഒരെത്തിനോട്ടം

നശ്വരതയുടെ ഏറ്റവും വലിയ രണ്ടു അന്വേഷണങ്ങൾ "പ്രസിദ്ധിയും" "ഭാഗ്യവും" ആണ്. ചരിത്രതാളുകളിൽനിന്നു മാഞ്ഞുപോകുന്ന അംഗീകാരം ലഭിക്കുവാനായി പ്രയത്നിച്ച് അശ്രദ്ധമായും വൃഥാവായും ജീവിതങ്ങൾ പാഴാക്കിക്കളയുകയാണ്.

ഡിയോജീൻസിന്റെ ഉത്തരം മഹാനായ അലെക്സാണ്ടർ ചക്രവർത്തിയെ സ്വാധീനിച്ചു തനിക്കു എന്താണു വേണ്ടത് അതെല്ലാം നൽകാം എന്ന് പറയാൻ നിർബന്ധിതനായി. തത്വചിന്തകൻ അമർത്യതക്കു വലിയ പ്രാധാന്യമൊന്നും കല്പിച്ചില്ല. "അതല്ല എന്റെ വരം," എന്നു അലെക്സാണ്ടർ പറഞ്ഞു. ഡയോജീൻസ് ചോദിച്ചു, "ഒരു നിമിഷം പോലും അതു ആസ്വദിക്കുവാൻ പറ്റുന്നില്ലെങ്കിൽ പിന്നെ അലെക്സാണ്ടർ ലോകം മുഴുവൻ കീഴടക്കുവാൻ എന്തിനു കഷ്ടപ്പെട്ടു?" മഹാനായ അലെക്സാണ്ടർ എന്നെന്നും ഓർമ്മിക്കപ്പെടുവാൻ ആഗ്രഹിച്ചു; നീണ്ടുനില്ക്കുന്ന പ്രസിദ്ധി ആസ്വദിക്കാനാണ് അവൻ ആഗ്രഹിച്ചത്. ഇന്നു ധാരാളം പേർ അത് ആഗ്രഹിക്കുന്നുണ്ട്.

യിശ്ശായിയുടെ മകനായ ദാവീദാണ്, നിത്യമായ പ്രസിദ്ധി ആസ്വദിക്കുന്നത്. ലോകം ഇഷ്ടപ്പെടുന്ന പല ഗുണങ്ങളുടേയും അടിസ്ഥാനത്തിലാണ് അവന്റെ പ്രസിദ്ധി നിലനില്ക്കുന്നത് (16:18). എങ്കിലും ദാവീദിന്റെ ഒരു ഗുണം അവന്നു പ്രസിദ്ധിയും ഭാഗ്യവും ഉറപ്പു വരുത്തി. ദാവീദിന് ഒരു ദൈവിക ഹൃദയം ഉണ്ടായിരുന്നതുകൊണ്ടാണ് അവനു നിത്യമായ പ്രസിദ്ധി ലഭിച്ചത്! ഒന്നു ശമുവേൽ 13:14 പറയുന്നു ദാവീദ് "തനിക്കു ബോധിച്ച" പുരുഷനായിരുന്നു.

തിരഞ്ഞെടുത്ത കൂട്ടത്തിൽ ആകുവാൻ കാരണമാക്കിയ ആട്ടിടയനായിരുന്ന ആ ബാലന്റെ ദൈവമുള്ള ഹൃദയത്തെ ഒന്നു പരിഗണിക്കുക. ദാവീദ് തികച്ചും ബാലനായിരുന്നപ്പോഴായിരുന്നു 13:14-ലെ വാക്കുകൾ എന്നോർക്കുക. ഇരുപത്തി-മൂന്നിനും മുപ്പതിനും മദ്ധ്യേ പ്രായമുണ്ടായിരുന്നപ്പോഴായിരുന്നു അവൻ തന്റെ വാഴ്ച്ച തുടങ്ങുന്നത്; അതുകൊണ്ടു, ഈ പ്രസ്താവന അവന്റെ വാഴ്ച്ച അവസാനിക്കുന്നതിനു പത്തു പതിനഞ്ചു വർഷങ്ങൾക്കു മുൻപു നടത്തിയിരിക്കണം. ആ വാക്കുകൾ ഇവിടെയും പ്രവൃത്തികൾ 13:22-ലും മാത്രമാണുള്ളത്. ശമുവേൽ പറഞ്ഞ ഈ വാക്കുകൾ ശൗലിന്റെ സ്വഭാവത്തിൽനിന്നും വളരെ അകലെയാണെന്നു കാണാം. ദാവീദ് അപൂർണ്ണനായിരുന്നെങ്കിലും, പ്രത്യേകിച്ചു പ്രായപൂർത്തിയായതിനു ശേഷ

മുള്ള കാലങ്ങളിലും, ദൈവത്തെ അന്വേഷിക്കുന്ന ഒരു മനോഭാവം അവ നുണ്ടായിരുന്നു. ആ ഒരു “ഹൃദയമാണ്” നമ്മുടെ ശ്രദ്ധയെ ആകർഷിക്കു ന്നത്. അതിൽ വിലയേറിയ ഗുണത്തിന്റെ മുത്തുകളുണ്ട്.

## ദൈവിക ഹൃദയത്തിന്റെ രാജത്വം

പീഢിതരെക്കുറിച്ചു ദാവീദിനു *കരുതൽ ഉണ്ടായിരുന്നു* (23:5). ശൗലിന്റെ അസൂയ നിമിത്തം ദാവീദിനു അഭയാർത്ഥിയായി കഴിയേണ്ടി വന്നിട്ടുണ്ട്. “ഓട്ടത്തിനിടയിൽ” ദാവീദ് സൈന്യത്തെ ശേഖരിച്ചു സ്വതന്ത്രമായി നീതി നടപ്പാക്കുവാൻ തുടങ്ങി. യിസ്രായേലിന്റെ അതിർത്തിപ്രദേശത്ത് ഫെലിസ്ത്യർ ആക്രമണം നടത്തിയതു ദാവീദ് കേട്ടതായി 1 ശമുവേൽ 23-ൽ പറയുന്നുണ്ട്. ശൗൽ അവനെ കൊല്ലുവാൻ തക്കം പാർത്തിരിക്കുക യായിരുന്നെങ്കിലും, ആ ആളുകളെ ചെന്നു സഹായിക്കുവാൻ ദാവീദിനു താല്പര്യമുണ്ടായിരുന്നു.

അതൊരു ഉത്തമ പ്രവൃത്തിയായിരുന്നു. ദാവീദ് മറ്റു മനുഷ്യരെപോലെ ആയിരുന്നെങ്കിൽ, കീഴടക്കി പ്രതികാരം വീട്ടുന്നതിൽ സന്തോഷം കണ്ടെത്തുവാൻ ആഗ്രഹിക്കുമായിരുന്നു കാരണം അതു പിന്നീട് ഒരു രാജാ വെന്ന നിലയിൽ ശൗൽ ശക്തഹീനനായിരുന്നു എന്നു തെളിയിക്കും. പക്ഷെ ദാവീദിന്റെ മനസിൽ പീഢിപ്പിക്കപ്പെട്ട തന്റെ സഹോദരന്മാരെ കുറിച്ചു കരു തൽ ഉള്ളതുകൊണ്ട് അവരെ സഹായിക്കുവാൻ അവനെ പ്രേരിതനാക്കി. മറ്റുള്ളവരെ സേവിക്കുവാൻ ശ്രമിക്കുമ്പോൾ ദൈവമുള്ള ഹൃദയം സ്വാർത്ഥ ചിന്തക്ക് ഇടംകൊടുക്കാതെ അതിൽ താല്പര്യമില്ലാത്തതാകുന്നു (ഒ.വാ. ഫിലി പ്പിയർ 2:3, 4; 1 കൊരിന്ത്യർ 10:24; 12:25-27). ദൈവത്തിനു ബോധിച്ച ഹൃദയ ത്തിൽനിന്നാണ് പീഢിതരെക്കുറിച്ചുള്ള കരുതലുണ്ടാകുന്നത് (സങ്കീർത്ത നങ്ങൾ 86:5, 13, 15, 16; യാക്കൊബ് 5:11).

*ദാവീദിനു ശത്രുക്കളോടു കരുണയുണ്ടായിരുന്നു (24:5, 10, 19).* ശൗലിന്റെ ജീവൻ അവന്റെ കയ്യിൽ കിട്ടിയതാണ്. അവൻ ഒരു വാക്കു പറഞ്ഞാൽ ശൗലിനെ അവർ കൊല്ലുമായിരുന്നു. പക്ഷെ ദാവീദിനു തന്റെ ഏറ്റവും വലിയ ശത്രുവിനോടു കരുണയുള്ളവനാകകൊണ്ടു, അവൻ അതിനു മടിച്ചു!

കരുണയേക്കാൾ എന്തു വലിയ ഗുണമാണ് ദൈവത്തിന്റെ ഉള്ളിൽ ഉള്ളത്? (ഒ.വാ. തിത്തൊസ് 3:3-7; എഫെസ്യർ 2:4, 5.) നാം നമ്മുടെ ഹൃദയ ത്തിൽ കരുണക്കു സ്ഥാനം കൊടുക്കുവാൻ ശ്രദ്ധിക്കണം. കോപത്തിനിര യായ ഒരു ഇംഗ്ലീഷ് പ്രഭുവിന്റെ കഥ പറഞ്ഞു കേട്ടിട്ടുണ്ട്. തന്റെ കോപ ത്തിനു പ്രതിവിധിയായി അയാൾ ക്രിസ്തുവിനെകുറിച്ചു പഠിക്കുവാൻ തുടങ്ങി. പരസ്യമായി മുറിവേല്പിച്ചു അപമാനിച്ചപ്പോഴും ക്രിസ്തു അവ ക്ഷമയോടെ സഹിച്ചു എന്നതു പ്രഭുവിനെ ഇരുത്തി ചിന്തിപ്പിച്ചു. ഓരോ സമയവും അയാൾ കോപത്താൽ പരീക്ഷിക്കപ്പെട്ടപ്പോൾ, അയാൾ കർത്താ വിനെ ധ്യാനിക്കുവാൻ തുടങ്ങി. അധികം കഴിയുന്നതിനുമുമ്പു അവന്റെ ഹൃദയം കർത്താവിന്റേതുപോലെ കരുണാർദ്രമായിതീർന്നു!

*തന്നോടു ദോഷം പ്രവർത്തിച്ചവരോടു ദാവീദ് ന്യായമായിത്തന്നെ പ്രവർത്തിച്ചു (25:23മുതൽ)*. ദാവീദിനെ അനുനയിപ്പിക്കുവാൻ അബീഗയി ലിനു കഴിഞ്ഞതു അവന്റെ മൃദുലഹൃദയം നിമിത്തമായിരുന്നു. അവൻ ന്യായം പ്രവർത്തിക്കുന്നവനായതുകൊണ്ടു അപകടകരമായ തെറ്റിൽ നിന്നു ഒഴിഞ്ഞു മാറി (ഒ.വാ. 25:32-35).

യുക്തിയുക്തത നമ്മുടെ വലിയ ദൈവസ്വഭാവത്തെയാണ് കാണിക്കുന്നത്. ഒരിക്കലും ധൃതിയിൽ ശിക്ഷിക്കരുത്, നമ്മുടെ ദൈവം എപ്പോഴും തന്റെ തീരുമാനങ്ങളിൽ ന്യായം പാലിക്കുന്നവനാണ് (ഉൽപത്തി 6:3; 1 പത്രൊസ് 3:20). ദൈവം സഹായിക്കുവാനാക്കിയവർ ആ ന്യായത്തെ പലപ്പോഴും മോശമാക്കിയിട്ടുണ്ട് (നെഹമ്യാവു 9:28-31). ദൈവഹൃദയത്തിന്റെ ഈ ഗുണം മിക്കവരിലും കുറവാണ്. മറ്റുള്ളവർക്കു ന്യായം ലഭിക്കുന്നതിലും അഭിപ്രായം നൽകുന്നതിലും നാം പലപ്പോഴും അക്ഷമരാണ്! ദൈവഹൃദയത്തിന്റെ ഈ സ്വഭാവം നമ്മുടെ ജീവിതത്തിൽ നാം വളർത്തിയെടുക്കണം (ഗലാതൃർ 5:22; എഫെസ്യർ 4:1, 2).

ദുഷ്ടതയോടു ദാവീദ് രോഷവും ശക്തിയും കാണിച്ചു (17:32 മുതൽ). തെറ്റുള്ള ഹൃദയത്തെ വശത്താക്കുവാൻ കഴിഞ്ഞതുകൊണ്ടാണ് ഗാത്തിലെ അജാനുബാഹുവിനെ ദാവീദിനു നശിപ്പിക്കുവാൻ കഴിഞ്ഞത്. ദാവീദ് ഗോല്യാത്തിനു നേരെ ധൈര്യമായിത്തന്നെ നിന്നു ദൈവത്തിലുള്ള തന്റെ ശക്തി പ്രകടിപ്പിച്ചു (17:45, 50). ദൈവത്തിന്റേതു പോലെയുള്ള ഹൃദയമുള്ള ആർക്കും ദുഷ്ടതയുടെ ഒരു കണികപോലും സഹിക്കുവാൻ കഴിയുകയില്ല (നാഹും 1:6). ദൈവത്തിന്റെ ഹൃദയം കൈവശമാക്കിയ വ്യക്തി പാപത്തിനും തനിക്കും മദ്ധ്യേ ഒരു രേഖ വരച്ച് അതിനപ്പുറം കടക്കുകയില്ല കാരണം ദൈവത്തിന്റെ കോപത്തോടെ മാത്രമെ അയാൾക്കു തിന്മയെ കാണുവാൻ കഴിയൂ (ഒ.വാ. റോമർ 6:1-2; എഫെസ്യർ 5:7-11; 1 തെസലൊനിക്യർ 4:4).

*ദാവീദ് പാപക്ഷമ പ്രദർശിപ്പിച്ചു (26:21).* ശൗലിനെ കൊല്ലുവാൻ രണ്ടാമത് ഒരവസരം കൂടെ ദാവീദിന്നു ലഭിച്ചു. ആദ്യം ലഭിച്ച അവസരത്തിനു നിരവധി വർഷങ്ങൾക്കുശേഷമായിരുന്നു അത് (24:2), എന്നാൽ ശൗലിന്റെ വാഗ്ദാനം നിറവേറിയില്ല. അപ്പോഴും ദാവീദ് വിലപറഞ്ഞ തലയുടെ ഉടമയും, അതിനുത്തരവാദി ശൗലുമായിരുന്നു! 26:21-ലെ ശൗലിന്റെ ക്ഷമാപണം ദാവീദ് കാര്യമായെടുത്തില്ല കാരണം ശൗൽ മടങ്ങിച്ചെല്ലുവാൻ ആവശ്യപ്പെട്ടിട്ടും ദാവീദ് പോകാതെ തന്റെ വഴിക്കു പോയി.

പാപക്ഷമ ലഭ്യമാകുന്ന ഒരു ഹൃദയത്തെ നാം എപ്പോഴും വളർത്തി*യെടുക്കണം* (മത്തായി 18:35; 6:12; കൊലൊസ്യർ 3:13). നമ്മുടെ ഹൃദയം ദൈവത്തിന്റെ ഹൃദയത്തെപോലെ ആകണം, അതു സ്നേഹവും പാപക്ഷമയും നിറഞ്ഞു കവിയുന്നതാകണം (ഹോശേയ 6:1, 2; യോനാ 4:2).

*ദാവീദിനു അധികാരത്തോടു ബഹുമാനമുണ്ടായിരുന്നു (29:9, 10).* ശൗൽ മരണയോഗ്യനായിരുന്നെങ്കിലും, ദൈവത്തിൽനിന്നാണ് അധികാരം ലഭിക്കുന്നതു എന്നറിഞ്ഞ് ആ സ്ഥാനത്തെ അവൻ ആദരിച്ചിരുന്നു. ശൗൽ യിസ്രായേലിന്റെ രാജാവാണെന്നു, തന്റെ സ്വഭാവത്തിലെല്ലാം ദാവീദ് കാണിച്ചു. ദൈവത്തിന്റെ നിയമങ്ങളെ മാറ്റുവാൻ ദാവീദ് ഒരിക്കലും ശ്രമിച്ചില്ല, കൂടാതെ അവന്റെ പരസ്യപെരുമാറ്റം ദൈവേഷ്ടത്തെ നിറവേറുകയും ചെയ്തു.

ദൈവമുള്ള ഹൃദയങ്ങൾ എപ്പോഴും ദൈവനിയമങ്ങൾ പിൻപറ്റുവാൻ ശ്രമിക്കും. ദൈവമുള്ള ഹൃദയങ്ങൾ ദൈവനിയമങ്ങളോടു യോജിക്കുകയും അതിനെ മോടിപിടിപ്പിക്കുകയോ, അതിനെ ത്യജിക്കുകയോ ചെയ്യില്ല (എസ്രാ 7:10).

ആരോ പറഞ്ഞിട്ടുണ്ട്, "മനുഷ്യഹൃദയം എന്നത് നിരന്തരമായി കത്തിക്കൊണ്ടിരിക്കുന്ന ഒരു ചൂളപോലെയാണ്. അതിനെ നിങ്ങൾ ദൈവത്തിന്റെ

സ്നേഹത്തെ കുറിച്ചുള്ള ചിന്തയാൽ ജ്വലിപ്പിച്ചാൽ, പ്രത്യക്ഷമാകുന്നത് ദൈവത്തിന്റേയും മനുഷ്യരുടേയും സ്നേഹജ്വാലയായിരിക്കും. എന്നാൽ അതിനെ സ്വാർത്ഥ-സ്നേഹ ചിന്തയാൽ ജ്വലിപ്പിക്കുവാൻ ആഗ്രഹിച്ചാൽ അതിന്റെ ഫലം നികൃഷ്ടപുകയും, ദുർഗ്ഗന്ധവും, ഇരുട്ടും ആയിരിക്കും."

## ദൈവിക ഹൃദയത്തിന്റെ ഫലങ്ങൾ

ഒരാളുടെ ഹൃദയം മുകളിൽ പറഞ്ഞ ഗുണങ്ങളാൽ രൂപപ്പെടുത്തുമ്പോൾ, താഴെ കൊടുത്തിരിക്കുന്ന ഫലങ്ങൾ അയാളുടെ ജീവിതത്തെ അനുഗ്രഹിക്കും.

*ദൈവശക്തിയിൽ അയാൾക്ക് ആശ്രയവും ആത്മവിശ്വാസവും ഉണ്ടായിരിക്കും.* ശൗൽ തന്റേതായ ശക്തിയിൽ അഹങ്കരിച്ചതുകൊണ്ടു, അവൻ പരാജയപ്പെട്ടു. ദാവീദ് എല്ലാറ്റിനും ദൈവത്തിൽ ആശ്രയിച്ചതുകൊണ്ടു, അവൻ വിജയിച്ചു (17:5-47; സങ്കീർത്തനങ്ങൾ 115:3; 135:6).

ഇംഗ്ലണ്ടിലെ രാജാവായ, എഡ്വേർഡ് I-ാമനു (1239-1307), വിശുദ്ധഭൂമി സന്ദർശിക്കുവാൻ വലിയ ഒരു മോഹം ഉണ്ടായി. എന്നാൽ വീട്ടിലെ കലഹം അതിനു തടസം സൃഷ്ടിച്ചു. താൻ മരിച്ചുകഴിഞ്ഞു തന്റെ ഹൃദയം അവിടെ എത്തിക്കണമെന്നു അയാൾ തന്റെ മകനു കർശന കല്പനകൊടുത്തു. അതിന്റെ ചിലവിലേക്കായി 32,000 പൗണ്ടു എഡ്വേർഡ് മാറ്റി വെക്കുകയും അതിൽ സംബന്ധിക്കുവാൻ 140 അശ്വാരൂഢവീരയോദ്ധാക്കൾക്കായി ഉത്തരവിടുകയും ചെയ്തു. അതുപോലെ, ക്രിസ്ത്യാനികൾ തങ്ങളുടെ നിത്യഭവനത്തിൽ എത്തിയിട്ടില്ലെങ്കിലും അവരുടെ ദൈവിക ഹൃദയങ്ങൾ സ്വർഗ്ഗത്തിലാണ്.

*ദാവീദിൽ ക്ഷമാപണം ലഭ്യമായിരുന്നു.* ശമുവേൽ ശൗലിനെ എതിരിട്ടപ്പോൾ, രാജാവു വിറച്ചില്ല. ശൗലിന്റെ കുറ്റസമ്മതം ആത്മാർത്ഥതയില്ലാത്തതായിരുന്നു. എന്നാൽ ദാവീദ് നാഥാനെ എതിരിട്ടപ്പോൾ സംഭവിച്ചത് എത്ര വ്യത്യസ്തമായിരുന്നു! സങ്കീർത്തനങ്ങൾ 51-ൽ പ്രദർശിപ്പിച്ച രീതിയിലുള്ള ദുഃഖം മറ്റൊരിടത്തും പ്രദർശിപ്പിച്ചു കാണുന്നില്ല.

"ദൈവത്തിനു ബോധിച്ച ഹൃദയമുള്ള" വർക്ക് പാപത്തിന്റെ പരാജയവും ലഭ്യമായ ദൈവത്തിന്റെ പാപമോചനത്തിലുള്ള സന്തോഷവും അറിയാം (സങ്കീർത്തനങ്ങൾ 38:3, 18; 1 യോഹന്നാൻ 1:7, 9; എബ്രായർ 8:12).

*ദൈവത്തോടു പാരമ്പര്യമായ ഭക്തിയും സമർപ്പണവും ദാവീദ് വിട്ടു തന്നിട്ടുണ്ട്.* അവൻ മരിച്ചിട്ട് നൂറ്റാണ്ടുകൾ കഴിഞ്ഞെങ്കിലും, ദാവീദിന്റെ ദൈവിക ഹൃദയം ഇന്നും അറിയപ്പെടുന്നുണ്ട് (പ്രവൃത്തികൾ 13:22). ഹാബേലിനെ പോലെ, ദൈവഹൃദയമുള്ളവർ എന്നേക്കും സംസാരിച്ചുകൊണ്ടിരിക്കും (എബ്രായർ 11:4).

## ഉപസംഹാരം

ദാവീദ് ചിത്രീകരിച്ച ദൈവികഗുണങ്ങൾ നമ്മുടെ മഹത്തായ ദൈവത്തിലും കാണുന്നവയാണ്: പീഢിപ്പിക്കപ്പെടുന്ന എല്ലാവരെക്കുറിച്ചും അവന്നു കരുതലുണ്ട്; അവന്റെ കരുണ എല്ലാവരിലും എത്തുന്നതാണ്; ദുഷ്ടതയോടു അവൻ കോപമുള്ളവനും അതു അവൻ സഹിക്കുകയുമില്ല; അവൻ ന്യായവും ദീർഘക്ഷമയും ഉള്ളവൻ; എല്ലാ പാപവും മായ്ക്കുന്ന അവന്റെ പാപമോചനം അവൻ നല്കുന്നു; അവന്നുള്ള അധികാരം അന്ത്യ

നാളിൽ നമ്മെ എല്ലാവരെയും വിധിക്കും.

യെഹൂദന്മാർക്കിടയിലെ വലിയൊരു ഉപദേഷ്ടാവു തന്റെ പണ്ഡിതന്മാരോടു ഒരാൾ ശരിയായി തീരുവാൻ അത്യാവശ്യമായി വേണ്ടത് എന്ത് എന്നു പരിഗണിക്കുവാൻ പറഞ്ഞു. ഒരു *നല്ല കണ്ണ്* ഉണ്ടാകുന്നതിനേക്കാൾ വലുതല്ല മറ്റൊന്നും എന്നു ഒരാൾ വന്നു പറഞ്ഞു. ഒരു *നല്ല കൂട്ടാളി* ആണ് വേണ്ടത് എന്നു വേറൊരാൾ പറഞ്ഞു. മൂന്നാമതൊരാൾ ഒരു *നല്ല അയൽക്കാരൻ* വേണമെന്നും, നാലാമതൊരാൾ *ജ്ഞാനമാണ്* ആവശ്യമെന്നും പറഞ്ഞു. അവസാനം, അവ എല്ലാറ്റിനേക്കാളും നല്ല ഒരു ഹൃദയമാണ് ആവശ്യം എന്നു ഒരാൾ വന്നു പറഞ്ഞു. അതു ''വാസ്തവമാണ്,'' എന്നു ഉപദേഷ്ടാവു സമ്മതിച്ചു, ''അവരെല്ലാം പറഞ്ഞത് നിങ്ങൾ പറഞ്ഞ രണ്ടു വാക്കിൽ ഉൾക്കൊള്ളുന്നു. നല്ല ഹൃദയമുള്ള ഒരാൾ തൃപ്തനും, നല്ല കൂട്ടാളിയും, നല്ല അയൽക്കാരനും, ചെയ്യേണ്ടതു കണ്ട് അതു ചെയ്യുവാൻ യോജിച്ചവനുമായിരിക്കും.'' അത്തരം ഉപദേശമാണ്, യിശ്ശായിയുടെ മകൻ ദാവീദിന്റെ ജീവിതം തരുന്നത്: ദൈവമുള്ള ഒരു ഹൃദയം വളർത്തിയെടുക്കുക!